# സന്ദേശനിലയം

## ചങ്ങനാശേരി അതിരൂപത

## സൺഡേസ്കൂൾ രണ്ടാം ടേം പരീക്ഷ

Date: 01.02.2026
2.00 PM -4.00 PM

ക്ലാസ്സ് - XI

മാർക്ക് : 70

**I. ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്ത് എഴുതുക** **1X10=10**

1. ഫ്രത്തെല്ലി തൂത്തി (ഏവരും സോദരർ) എന്ന ചാക്രികലേഖനം എഴുതിയ മാർപാപ്പ ?
(ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ, ഫ്രാൻസിസ് മാർപാപ്പ, വി. ജോൺപോൾ രണ്ടാമൻ മാർപാപ്പ)
2. ബൈബിളിലെ 73 പുസ്തകങ്ങളെ കാനോനിക ഗ്രന്ഥങ്ങളായി പ്രഖ്യാപിച്ച സൂനഹദോസ് ?
(രണ്ടാം നിഖ്യാ സൂനഹദോസ്, രണ്ടാം വത്തിക്കാൻ സൂനഹദോസ്, ത്രെന്തോസ് സൂനഹദോസ്)
3. 'മരണം വിൽക്കുന്നവരാണ് മയക്കുമരുന്ന് കച്ചവടക്കാർ' ഇപ്രകാരം പറഞ്ഞതാര് ?
(ലിയോ പതിമൂന്നാമൻ മാർപാപ്പ, ഫ്രാൻസിസ് മാർപാപ്പ, വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ)
4. വിശുദ്ധ കാർലോയുടെ തിരുശേഷിപ്പ് വണക്കത്തിനായി സ്ഥാപിച്ചിരിക്കുന്ന ചങ്ങനാശ്ശേരി അതിരൂപതയിലെ വിദ്യാഭ്യാസ സ്ഥാപനം ?
(സെന്റ് ബർക്കുമാൻസ് കോളേജ്, അസംപ്ഷൻ കോളേജ്, സെന്റ് ജോസഫ്സ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷൻസ്)
5. വിശുദ്ധ മദർതെരേസയുടെ അഭിപ്രായ പ്രകാരം ഏറ്റവും ഭയാനകമായ രോഗമെന്താണ് ?
(ഒറ്റപ്പെടൽ, ക്യാൻസർ, എയ്ഡ്സ്)
6. ബൈബിളിലെ ദൈവനിവേശിത ഗ്രന്ഥങ്ങളെ സൂചിപ്പിക്കുവാൻ ഉപയോഗിക്കുന്ന വാക്ക് ?
(വുൾഗാത്ത, പ്ശീത്താ, കാനൻ)
7. ദൈവിക നിയമങ്ങളനുസരിച്ചുള്ള കടമകൾ മനുഷ്യൻ കണ്ടറിഞ്ഞ് അംഗീകരിക്കുന്നത് എന്ത് മുഖേനയാണ് ?
(സഭാ നിയമങ്ങൾ, രാഷ്ട്രനിയമങ്ങൾ, മനഃസാക്ഷി)
8. മാർ തോമ്മാശ്ലീഹായുടെ ആദ്യ പ്രേഷിതയാത്ര ഏത് കാലയളവിലായിരുന്നു ?
(ഏ. ഡി. 44-50, ഏ. ഡി. 52-53, ഏ. ഡി. 42-43)
9. തിന്മയ്ക്കെതിരായ ആത്മീയ സമരത്തിൽ എന്തിന്റെ കവചം ധരിക്കാനാണ് ശ്ലീഹാ നമ്മോട് ആവശ്യപ്പെടുന്നത് ?
(സത്യം, നീതി, രക്ഷ)
10. ''പിശാച് യുവാക്കൾക്കായി ഒരുക്കുന്ന ഏറ്റവും വലിയ കെണി അലസതയാണ്'' ആരുടെ വാക്കുകൾ
(വി. ജോൺ ബോസ്കോ, വി. ബർക്കുമാൻസ്, വി. ആന്റണി)

**II. ഒറ്റവാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക** **1X5=5**

11. റോമാ 14 : 17 അനുസരിച്ച് ദൈവരാജ്യം എന്നാലെന്ത് ?
12. ക്രിസ്തീയ ജീവിതയാത്രയുടെ അന്തിമ ലക്ഷ്യം എന്താണ് ?
13. ആരാണ് ക്രിസ്തീയ മനഃസാക്ഷി രൂപീകരണത്തിന്റെ പൂർണ്ണമായ മാനദണ്ഡം ?
14. ബിബ്ലിയ എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് വിശുദ്ധ ഗ്രന്ഥത്തിന് ബൈബിൾ എന്ന പേര് ലഭിച്ചത് ? ഈ വാക്കിന്റെ അർത്ഥമെന്ത് ?
15. ചാവറയച്ചന്റെ വാക്കുകൾ അനുസരിച്ച് നമ്മുടെ ആയുസ്സിന്റെ കണക്കിൽ കൂട്ടാത്ത ദിവസമേത് ?

**III. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക** **3X3=9**

16. വചനാധിഷ്ഠിത ജീവിതം നയിക്കുവാൻ ലാസറിന്റെ സഹോദരിയായ മറിയത്തിന്റെ മാതൃക പിന്തുടരാൻ ഈശോ നമ്മോട് ആവശ്യപ്പെടുന്നുണ്ട്. വചനശ്രവണത്തിൽ മറിയത്തിന്റെ മാതൃകയുടെ പ്രത്യേകതകൾ എഴുതുക.

17. ഉപ്പുപോലെ രുചി പകരുന്ന ജീവിതമായിരിക്കണം ക്രിസ്ത്യാനിയുടേത്. വിശദമാക്കുക.
18. സന്തോഷ ജീവിതത്തിലേയ്ക്ക് നമ്മെ തിരികെ വിളിക്കുന്ന കൂദാശയാണ് അനുരഞ്ജനം. വിശദമാക്കുക.

**IV. വചനഭാഗം ആസ്പദമാക്കി ഉത്തരമെഴുതുക** **4X3=12**

19. ദൈവവചനം നമ്മുടെ പാദങ്ങൾക്ക് വിളക്കും പാതയിൽ പ്രകാശവുമാണ് (സങ്കീ. 119 : 105). തിന്മയുടെ ശക്തിയെ തോല്പിക്കുവാൻ ദൈവവചനം നമ്മെ എപ്രകാരം സഹായിക്കും. വ്യക്തമാക്കുക.
20. വി. ലൂക്കായുടെ സുവിശേഷത്തിൽ 15-ാം അധ്യായം 1 മുതൽ 7 വരെ വാക്യങ്ങൾ കാണാതായ ആടിന്റെ ഉപമയെക്കുറിച്ചുള്ളതാണ്. ഈ വിശുദ്ധ ഗ്രന്ഥഭാഗത്തിന്റെ ആധ്യാത്മികാർത്ഥവും പ്രതീകാത്മകാർത്ഥവും. വിശദമാക്കുക.
21. കാണപ്പെടുന്ന സഹോദരെ സ്നേഹിക്കാത്തവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുവാൻ കഴിയുന്നതെങ്ങനെ ? (1 യോഹ. 4 : 20). സാഹോദര്യത്തെയും സന്തോഷത്തെയും ബന്ധപ്പെടുത്തി. വിശദമാക്കുക.

**V. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക** **4X4=16**

22. ക്രിസ്തീയ മനഃസ്സാക്ഷി അടിസ്ഥാനമാക്കുന്നത് ഈശോയുടെ ശൈലിയാണ്. വിശദമാക്കുക.
23. മാമ്മോദീസാ സ്വീകരിച്ച എല്ലാവരും സുവിശേഷ പ്രഘോഷണം എന്ന ദൗത്യം നിർവ്വഹിക്കാൻ കടപ്പെട്ടവരാണ്. ഈ ദൗത്യം നിർവ്വഹിക്കുന്നതിലുടെ ഈ വചനാധിഷ്ഠിത ജീവിതം നയിക്കുന്നവരായി ത്തീരുന്നു. വിശദമാക്കുക.
24. അസ്വസ്ഥതയുടെയും നിരാശയുടെയും നടുവിൽ ക്രിസ്ത്യാനിയുടെ ജീവിതം മറ്റുള്ളവർക്ക് ധൈര്യം പകരുന്നതായിരിക്കണം. നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തുക.
25. തിരുസഭ സ്വീകരിച്ചിരിക്കുന്ന മിശിഹായുടെ പ്രബോധനമനുസരിച്ച് ഒരിക്കലും മരിച്ചവരുടെ ആത്മാക്കൾ ജീവിച്ചിരിക്കുന്നവരെ സന്ദർശിക്കുവാൻ വരുകയോ ഭൂമിയിൽ അലഞ്ഞുനടക്കുകയോ ഇല്ല. ഓജോ ബോർഡിന്റെ പ്രത്യേകതകളും പ്രത്യാഘാതങ്ങളും രേഖപ്പെടുത്തുക.

**VI. ഉത്തരമെഴുതുക** **5X2=10**

26. വിദ്യാഭ്യാസ മേഖലയിലും അനേകം പ്രാദേശികഭാഷ രൂപപ്പെടുത്തുന്നതിലും ക്രൈസ്തവ മിഷനറിമാരുടെയും ക്രൈസ്തവരുടെയും സംഭാവനകൾ. വിശദമാക്കുക.
27. സന്തോഷത്തിലേയ്ക്കുള്ള ഈശോയുടെ വിളിയാണ് സുവിശേഷം. വിശദമാക്കുക.

**VII. ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതുക** **8X1=8**

28. ധാർമ്മിക മനഃസ്സാക്ഷി രൂപീകരണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ. വിശദമാക്കുക.
29. അപ്പു പ്ലസ്വൺ സയൻസ് വിദ്യാർത്ഥിയാണ്. ക്ലാസ്സിൽ മിണ്ടാതിരുന്ന് ക്ലാസ്സുകളിൽ പങ്കെടുക്കുന്ന ഒരു വിദ്യാർത്ഥി. അധ്യാപകർക്കാർക്കും അപ്പുവിനെക്കുറിച്ച് ഒരു പരാതിയുമില്ല. സ്കൂളിൽ നടക്കുന്ന പാഠ്യേതര പ്രവർത്തനങ്ങളിൽ ഒന്നും അപ്പു പങ്കെടുക്കാറില്ല. ഇതൊക്കെ 'മടുപ്പ്' ആണെന്നുള്ള ചിന്താഗതിയാണ് അപ്പുവിന്. വൈകുന്നേരം ക്ലാസ്സ് വിട്ടാൽ കുട്ടികൾ മൈതാനത്ത് ഫുട്ബോൾ കളിക്കാറുണ്ട്. എന്നാൽ അപ്പുവിന് അതിലും താല്പര്യമില്ല. അലസമായി നടന്ന് വീട്ടിൽ ചെല്ലും. വീട്ടിൽ ചെന്നാൽ മാതാപിതാക്കൾ എന്തെങ്കിലും ചോദിച്ചാൽ ഉത്തരം പറയുമെന്നല്ലാതെ മറ്റിടപെടീൽ ഒന്നും അപ്പുവിനില്ല. പിന്നെ ആകെയുള്ളത് കുറച്ചുനേരം മൊബൈൽ നോക്കും. ചില റീലുകൾ കാണും. അങ്ങനെ അലസമായി സമയം ചിലവഴിക്കുന്നു. താമസിച്ചേ എഴുന്നേൽക്കു. പള്ളിയിലെ സംഘടനാ പ്രവർത്തനങ്ങളിലൊന്നും പങ്കെടുക്കാറില്ല. ഞായറാഴ്ചകളിലേ കുർബാനയ്ക്ക് പോകു. അതുതന്നെ കൃത്യസമയത്തോ നേരത്തെയോ ചെല്ലണമെന്നില്ല. ദൈവാലയത്തിന് പുറത്തായിരിക്കും പലപ്പോഴും നില്ക്കുക. അധ്യാപകർ ആരെങ്കിലും പള്ളിയിലേയ്ക്ക് കയറി നിൽക്കെന്ന് പറഞ്ഞാൽ ഒരെതിർപ്പും കൂടാതെ അതനുസരിക്കും. ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും എന്ന പാഠം പഠിച്ച നിങ്ങൾക്ക് അപ്പുവിന്റെ സാമൂഹിക ജീവിതത്തെക്കുറിച്ച് എന്ത് അഭിപ്രായമാണുള്ളത്. ഒരു ക്രൈസ്തവൻ എന്ന നിലയിൽ അപ്പു എങ്ങനെ സമൂഹത്തിൽ ജീവിക്കണമെന്നാണ് നിങ്ങൾ കരുതുന്നത്.